പതിനാലാം കേരള നിയമസഭ
പതിനാറാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത നിയമസഭാ ചോദ്യം നം. 5113 — 15-11-2019-ൽ മറുപടിക്ക്

**കേരഫെഡിലെ അഴിമതി**

| ചോദ്യം<br>ശ്രീ.കെ.വി.വിജയദാസ് | | മറുപടി<br>ശ്രീ. വി.എസ്. സുനിൽ കുമാർ<br>(കൃഷി വകുപ്പ് മന്ത്രി) | |
|---|---|---|---|
| (എ) | 2011-16 കാലയളവിൽ കേരഫെഡിൽ ഉണ്ടായിട്ടുള്ള അഴിമതികളുടെ വിശദാംശങ്ങൾ നൽകുമോ; | (എ) | 2011-16 കാലയളവിൽ കേരഫെഡിൽ പച്ചത്തേങ്ങാ സംഭരണം, ഉണക്ക് യന്ത്രങ്ങൾ എന്നിവ വാങ്ങുന്നതിനായും അനുബന്ധ ഷെഡുകളുടെ നിർമ്മാണത്തിനായും കരുനാഗപ്പള്ളി, നടുവണ്ണൂർ പ്ലാന്റുകളുടെ ശേഷി വർദ്ധനയ്ക്കു വേണ്ടിയുള്ള യന്ത്രങ്ങളും മറ്റും വാങ്ങുന്നതിനായും ക്ഷണിച്ച ദർഘാസ് നടപടികളിലെ ക്രമക്കേടുകൾ, കരാർ ജീവനക്കാർക്ക് അധിക ശമ്പളം നല്കിയത് തുടങ്ങിയവയുമായി ബന്ധപ്പെട്ട് അഴിമതി ആരോപണങ്ങൾ സംബന്ധിച്ച് കാർഷിക വികസന കർഷക ക്ഷേമവകുപ്പ് ഡയറക്ടറേറ്റിലെ സ്പെഷ്യൽ വിജിലൻസ് സെൽ പ്രാരംഭ അന്വേഷണം നടത്തി റിപ്പോർട്ട് സമർപ്പിച്ചിരുന്നു.<br>കേരഫെഡിലെ രേഖകൾ അനുസരിച്ച് 2011-2016 കാലയളവിൽ താഴെ പരാമർശിക്കുന്ന പ്രകാരം വിവിധ വിഷയങ്ങളിൽ വിജിലൻസ് അന്വേഷണം നടന്നു വരുന്നു.<br>1. വിജിലൻസ് എൻക്വയറി നം.QV-19/2014/SIU-I- കേരഫെഡിന്റെ 19-03-2013 ലെ ഭരണസമിതി തീരുമാനം അനുസരിച്ച് M/s.AUM Consultancy, Chennai എന്ന സ്ഥാപനത്തെ കേരഫെഡിന്റെ 'Marketing Consultancy' ആയി നിയമിച്ചത് സംബന്ധിച്ച്.<br><br>2. വിജിലൻസ് കേസ് ക്രൈം നം.VC/03/2018/SIU-1-മെക്കാനിക്കൽ ക്രൊപ്ര ഡ്രയറുകൾ വാങ്ങുകയും, സ്ഥാപിക്കുകയും ചെയ്തത് സംബന്ധിച്ച്.<br>3. വിജിലൻസ് കേസ് നം. VC/01/14/SIS-1 2013-2016 കാലയളവിലെ പച്ചത്തേങ്ങ സംഭരണം സംബന്ധിച്ച്. |

| | | | |
|---|---|---|---|
| | | | 4. വിജിലൻസ് കേസ് നം .VC/01/14/SIUI-2013 ൽ ഉപഹാരങ്ങൾ വാങ്ങിയത് വിതരണം ചെയ്തത് സംബന്ധിച്ച്.<br>5. വിജിലൻസ് കേസ് നം .VC/04/17/SRT- കരുനാഗപ്പള്ളി കേരഫെഡ് ഫാക്ടറിയിൽ 2014 ൽ കൊപ്രയാട്ട് യന്ത്രം സ്ഥാപിച്ചത് സംബന്ധിച്ച്. |
| (ബി) | അത് സംബന്ധിച്ച അന്വേഷണം പൂർത്തിയായിട്ടുണ്ടോ; എങ്കിൽ റിപ്പോർട്ടിന്റെ വിശദവിവരം നൽകുമോ; | (ബി) | പച്ചത്തേങ്ങാ സംഭരണവുമായി ബന്ധപ്പെട്ട് ഗുണനിലവാരമില്ലാത്ത 4530.21 മെട്രിക് ടൺ മോശം കൊപ്ര 2013-16 കാലയളവിൽ കേരഫെഡിന്റെ പ്ലാന്റുകളിൽ സ്വീകരിച്ചതിനാൽ 58,57,766/- രൂപയും ദർഘാസ് ചട്ടങ്ങൾ പാലിക്കാതെ ഉണക്ക യന്ത്രങ്ങൾ വാങ്ങിയ വകയിൽ 50,41,540 രൂപയുടെ നഷ്ടവും അനുബന്ധ ഷെഡുകൾ വാങ്ങിയ വകയിൽ 19,68,860/- രൂപയുടെയും, കരുനാഗപ്പള്ളി, നടുവണ്ണൂർ പ്ലാന്റുകളുടെ ശേഷി വർദ്ധനവിനായി യന്ത്രങ്ങൾ വാങ്ങിയ വകയിൽ ഏകദേശം 2.67 കോടി രൂപയും കോഴിക്കോട് ജില്ലയിലെ 8 കൃഷി ഭവനുകളിൽ ഒരൊറ്റ തേങ്ങ പോലും സംഭരിക്കാതെ കരാറടിസ്ഥാനത്തിൽ നിയമിച്ച അക്കൗണ്ടന്റിനും, വർക്കർമാർക്കും 2014-15 വർഷത്തിൽ 9,08,212/- രൂപയും മലപ്പുറം ജില്ലയിൽ 34,590/- രൂപയും കാസർഗോഡ് ജില്ലയിൽ 1,07,647/- രൂപയും അനുവദിച്ച വകയിൽ സർക്കാരിന് നഷ്ടം സംഭവിച്ചതായി സ്പെഷ്യൽ വിജിലൻസ് സെല്ലിന്റെ പ്രാഥമിക അന്വേഷണത്തിൽ തിട്ടപ്പെടുത്തിയിട്ടുണ്ട്. വിജിലൻസ് അന്വേഷണങ്ങൾ പുരോഗമിക്കുന്നു. |
| (സി) | അതിന്റെ അടിസ്ഥാനത്തിൽ വകുപ്പുതല നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; എങ്കിൽ വിശദവിവരം നൽകുമോ? | (സി) | സ്പെഷ്യൽ വിജിലൻസ് സെൽ സമർപ്പിച്ച പ്രാഥമിക അന്വേഷണ റിപ്പോർട്ടിനെ തുടർന്ന് കാർഷിക വികസന കർഷക ക്ഷേമ വകുപ്പ് ഡയറക്ടറായിരുന്ന ശ്രീ. അശോക് കുമാർ തെക്കനെ ഡയറക്ടർ സ്ഥാനത്തു നിന്ന് നീക്കം ചെയ്യുകയും ടിയാനെ സർവ്വീസിൽ നിന്നും സസ്പെൻഡ് ചെയ്യുകയും അച്ചടക്കനടപടി സ്വീകരിക്കുകയും ചെയ്തുവരുന്നു. |

സെക്ഷൻ ഓഫീസർ